കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മണ്ണ് പര്യവേക്ഷണ പ്രവൃത്തികൾ

140 (832) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് പാക്കേജിന്റെ ഭാഗമായി മണ്ണ് പര്യവേക്ഷണ വകുപ്പുവഴി കായംകുളം മണ്ഡലത്തിൽ Phase I, Phase II, Phase III ആയി ഭരണാനുമതിലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ് ;

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതൊക്കെ, റ്റി.എസ്. ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ചില കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അവ ഏതൊക്കെ കുളങ്ങളാണെന്നും ഒഴിവാക്കാനുണ്ടായ സാഹചര്യം എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മണ്ണ് പര്യവേക്ഷണ വകുപ്പുവഴി കായംകുളം മണ്ഡലത്തിൽ കട്ടനാട് പാക്കേജ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 13 കുളങ്ങൾക്കും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 37 കുളങ്ങൾക്കുമായി ആകെ 50 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിന് അനുമതി നൽകിയിട്ടില്ല. ഒന്നാം ഘട്ടത്തിൽ 7 കുളങ്ങൾക്ക് സാങ്കേതികാനുമതി (റ്റി.എസ്.) നൽകിയതിൽ 3 കുളങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ 32 കുളങ്ങൾക്ക് സാങ്കേതികാനുമതി നൽകി. 5 കുളങ്ങൾ പൂർത്തീകരിച്ചു. കുളങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം 7 കുളങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

ഫേസ് 1 : ചിറയിൽകുളം, മാക്രിക്കുളം, ചെട്ടിയാരത്ത് ആലുംമൂട് കുളം, അണ്ണിച്ചാൽ കുളം, തെക്കനാഴികുളം, പെരുമറ്റത്തുചാൽ കുളം,

ഫേസ് 2 : പടിപ്പുരക്കൽ കുളം

LIBRARY ARCHIVES Kerala Legislative Assembly